Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 10/2020** **14/07/2020**

**മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,**

കോവിഡ്-19 അനിയന്ത്രിതമായി വ്യാപിക്കുന്ന ഈ സാഹചര്യത്തിൽ അജപാലനപരമായ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഇടവകാതിർത്തിക്കുള്ളിൽ രോഗവ്യാപന സാധ്യതയുണ്ടെങ്കിൽ ജനപങ്കാളിത്ത ദിവ്യബലി വേണ്ടെന്ന് വയ്ക്കേണ്ടതാണ്.

2. കോവിഡ്-19 പ്രതിരോധത്തിനായുള്ള നിയന്ത്രണങ്ങൾ മൂലം തെരഞ്ഞെടുപ്പുകൾ നടത്താൻ സാധിക്കാത്ത ഇടവകകളിൽ, ഇപ്പോഴുള്ള കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ എന്നിവരുടെ സേവന കാലാവധി ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നീട്ടിയിരിക്കുന്നു.

3. യോഗങ്ങൾ ചേരുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിലവിലുള്ള നിയന്ത്രണങ്ങൾക്ക് ഇളവ് ഏർപ്പെടുത്തുമ്പോൾ പാരിഷ് കൗൺസിൽ കൂടി തിരട്ട് പാസാക്കി അതിരൂപതാകച്ചേരിയിൽ സമർപ്പിക്കുന്നതിന് അനുവദിക്കുന്നു. ഇടവക പൊതുയോഗം കൂടുന്നത് ഉടനെ സാധ്യമല്ലാത്തതിനാലും സർക്കാരിലേക്ക് 12A A റിട്ടേൺസ് താമസിയാതെ സമർപ്പിക്കേണ്ടതിനാലുമാണ് ഈ തീരുമാനം.

4. ഇടവകകളിൽ കോവിഡ് രോഗം ബാധിച്ച് ആരെങ്കിലും മരിക്കാനിടയായാൽ, സർക്കാർ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിച്ചു മൃതസംസ്ക്കാരകർമ്മം നടത്തണം. സർക്കാർ നിബന്ധനകൾ പ്രകാരം മൃതദേഹം സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം പള്ളി സിമിത്തേരിയിൽ ഉണ്ടെങ്കിൽ, മൃതദേഹം അവിടെ സംസ്ക്കരിക്കേണ്ടതാണ്. സിമിത്തേരിക്കകത്ത് അതിനുള്ള സൗകര്യമില്ലെങ്കിൽ സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരം സിമിത്തേരിയോട് ചേർന്നു കിടക്കുന്ന പ്രദേശത്ത് അതിനുള്ള സൗകര്യം ഉണ്ടാക്കുകയും അവിടെ മൃതദേഹം അടക്കം ചെയ്യാവുന്നതുമാണ്. ഇങ്ങനെ അടക്കം ചെയ്യുന്നവരുടെ ഭൗതികാവശിഷ്ടം പിന്നീട് ഉചിതമായ സമയത്ത് സിമിത്തേരിക്കകത്തേക്ക് മാറ്റേണ്ടതാണ്. മേല്പറഞ്ഞ രണ്ടു സാധ്യതകളും പ്രായോഗികമല്ലെങ്കിൽ, ഏറ്റവും അടുത്ത കുടുംബാംഗങ്ങളുടെ രേഖാമൂലമുള്ള സമ്മതപ്രകാരം, തിരുക്കർമ്മങ്ങൾക്കു ശേഷം മൃതശരീരം ദഹിപ്പിക്കാവുന്നതും (Cremation) ഭൗതികാവശിഷ്ടം സിമിത്തേരിയിൽ അടക്കാവുന്നതുമാണ്.

5. രോഗവ്യാപനത്തിന്റെ ഈ സാഹചര്യത്തിൽ വിശുദ്ധ ബലിയിൽ (ഓൺലൈൻ വഴി) സംബന്ധിച്ചും കരുണകൊന്ത ചൊല്ലിയും ജപമാല പ്രാർത്ഥിച്ചും ഈ മഹാമാരിയിൽനിന്നും നമ്മെ രക്ഷിക്കണമെന്ന് തുടർന്നും നമുക്ക് ദൈവത്തോട് അപേക്ഷിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA
ERNAKULAM-ANGAMALY